നൽകുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്. കൂടാതെ നെല്ലിന് നല്ല വില ലഭ്യമാക്കുന്നതിന് നെല്ല് സംഭരണ-വിപണനവും നടത്തുന്നുണ്ട്. ഇതിലേയ്ക്കായി മൂന്ന് മോഡേൺ റൈസ് മില്ലുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

(സി) റിപ്പോർട്ട് പഠിച്ചു വരുന്നു.

(ഡി) കാർഷിക സർവ്വകലാശാല ഗവേഷണത്തിലൂടെ വികസിപ്പിച്ച് എടുക്കുന്ന അത്യുൽപ്പാദനശേഷിയുള്ള വിത്തുകൾ സംസ്ഥാന വിത്തുൽപ്പാദന കേന്ദ്രങ്ങളിലൂടെ വർദ്ധിപ്പിച്ച് തിട്ടപ്പെടുത്തി തെരഞ്ഞെടുക്കപ്പെട്ട രജിസ്റ്റേർഡ് സീഡ് ഗ്രോവേഴിസിലൂടെ വിതരണം ചെയ്യുന്നു. ഒരു സീഡ് അതോറിറ്റി രൂപീകരിക്കുവാനും നടപടികളായിട്ടുണ്ട്.

(ഇ) ഓരോ സ്ഥലത്തിനും അനുയോജ്യമായ വിത്തിനങ്ങൾ കണ്ടെത്തി പ്രയോഗിച്ചും മറ്റ് ഉൽപാദനോപാധികൾ ഗുണകരമായി പ്രയോഗിച്ചും ഉൽപാദനക്ഷമത വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിച്ചു വരുന്നു.

(എഫ്) നെല്ലുൽപ്പാദനം ഹെക്ടറിന് ശരാശരി 5000 കിലോ ആയി വർദ്ധിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്.

(ജി) ഈ ലക്ഷ്യം നേടുന്നതിന്റെ ഭാഗമായിട്ടാണ് ഗ്രൂപ്പ് ഫാമിംഗ് പദ്ധതി പുനരുജ്ജീവിപ്പിച്ച് നടപ്പിലാക്കാൻ ഉത്തരവായത്. ആദ്യഘട്ടമായ വിത്തുൽപ്പാദനം ആലപ്പുഴ, തൃശ്ശൂർ, പാലക്കാട് കേന്ദ്രമാക്കി നടപ്പിലാക്കി വരുന്നു.

22 (*78) കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റുകളിലെ കൺസഷൻ കൗണ്ടറുകളുടെ പ്രവർത്തനം

ശ്രീ. ഇസ്ഹാക്ക് കുരിക്കൾ :
ശ്രീ. പി.കെ.കെ. ബാവ :
ശ്രീ. ഇ.റ്റി. മുഹമ്മദ് ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ബസ്സ്റ്റാന്റുകളിൽ കാന്റീൻ നടത്തുന്ന കരാറുകാർ യാത്രക്കാരിൽ നിന്നും ഭക്ഷണ സാധനങ്ങൾക്ക് അമിത വില ഈടാക്കുന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഭക്ഷണ സാധനങ്ങൾക്കുള്ള വില കരാർ സമയത്ത് നിശ്ചയിച്ചു കൊടുത്തിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അമിതവില ഈടാക്കുന്നത് കണ്ടുപിടിക്കാൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ, ഇല്ലെങ്കിൽ പ്രസ്തുത സംവിധാനം ഏർപ്പെടുത്താൻ നടപടി കൈക്കൊള്ളുമോ;

(ഡി) അന്യായമായി വില ഈടാക്കുന്നതും പഴകിയ സാധനങ്ങൾ വിൽക്കുന്നതും കണ്ടു പിടിച്ച് കുറ്റക്കാരുടെ കരാർ റദ്ദു ചെയ്യാനും അവരെ ശിക്ഷിക്കാനും ആവശ്യമായ നടപടി സ്വീകരിക്കുമോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. നീലലോഹിതദാസൻ നാടാർ) :

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നിശ്ചയിച്ചു കൊടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) അമിതമായ വില ഈടാക്കുന്നതു കണ്ടു പിടിക്കാൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. അംഗീകരിക്കപ്പെട്ട നിരക്കിൽ മാത്രമേ ആഹാര സാധനങ്ങൾ വിതരണം ചെയ്യാൻ പാടുള്ളൂ എന്നും അംഗീകരിക്കപ്പെട്ട വില വിവരപട്ടിക പൊതുജനങ്ങൾ കാണത്തക്ക വിധം വ്യക്തമായി പ്രദർശിപ്പിക്കുവാനും, പൊതുജനങ്ങൾക്കു വേണ്ടി ഒരു പരാതി പുസ്തകം അവർ കാണാത്തവിധം ഉണ്ടായിരിക്കണമെന്നും ലൈസൻസികളോട് കർശനമായി നിർദ്ദേശിച്ചിട്ടുണ്ട്. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഇടയ്ക്കിടെ പരാതി പുസ്തകം പരിശോധിക്കുകയും ലൈസൻസി കുറ്റക്കാരനാണെന്നു കണ്ടാൽ അവരിൽ നിന്നും പിഴ ഈടാക്കുന്നതാണ്. നിരന്തരം പരാതി ഉണ്ടായാൽ പ്രസ്തുത ലൈസൻസിയുടെ ലൈസൻസ് റദ്ദു ചെയ്യുന്നതാണ്.

(ഡി) ഇത്തരത്തിലുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടാൽ അന്വേഷണ വിധേയമായി ലൈസൻസ് റദ്ദ് ചെയ്യുന്നതുൾപ്പെടെയുള്ള ശിക്ഷണ നടപടികൾ സ്വീകരിക്കാറുണ്ട്.

23 (*79) ചെലവു ചുരുക്കൽ നടപടികളിൽ അയവ്

<u>ശ്രീ. ഉമ്മൻ ചാണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ചെലവു ചുരുക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനുവേണ്ടി ഗവൺമെന്റ് ഇറക്കിയിട്ടുള്ള ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(സി) കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പുറപ്പെടുവിച്ചിട്ടുള്ള ചെലവു ചുരുക്കൽ ഉത്തരവുകളിൽ ഈ ഗവൺമെന്റ് വരുത്തിയിട്ടുള്ള മാറ്റങ്ങൾ എന്തെല്ലാം എന്ന് വ്യക്തമാക്കാമോ;

(ഡി) ചെലവുചുരുക്കൽ നടപടികളിൽ അയവു വരുത്തിയിട്ടുണ്ടോ; എങ്കിലതിനിടയായ സാഹചര്യം എന്തെന്ന് വ്യക്തമാക്കാമോ;

(ഇ) പെൻഷൻ പറ്റിയ ഗവൺമെന്റ് ഉദ്യോഗസ്ഥൻമാരെ റീ-എംപ്ലോയ്മെന്റിൽ നിയമിക്കുമ്പോൾ പെൻഷനും ശമ്പളവും ഒരുമിച്ച് വാങ്ങുവാൻ അനുവദിക്കുന്ന ഗവൺമെന്റ് ഉത്തരവ് ഇപ്പോൾ നിലവിൽ ഉണ്ടോ;

(എഫ്) എങ്കിൽ അത് പിൻവലിക്കുവാൻ നടപടി സ്വീകരിക്കുമോ?

ധനകാര്യ വകുപ്പുമന്ത്രി <u>(ശ്രീ. ടി. ശിവദാസമേനോൻ)</u> :

(എ) പുതിയ തസ്തിക സൃഷ്ടിക്കൽ, പുതിയ വാഹനങ്ങൾ വാങ്ങൽ, ഓഫീസ് ചെലവുകൾ, യാത്രാ ചെലവുകൾ, ഇന്ധന ചെലവുകൾ എന്നിവയിൽ ചെലവ് ചുരുക്കലിന്റെ ഭാഗമായി നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. എസ്.ടി.ഡി., ഐ.എസ്.ഡി., സൗകര്യത്തോടെയുള്ള ടെലിഫോൺ, മൊബൈൽ ഫോൺ എന്നിവ അനുവദിക്കുന്നതിനും, സംസ്ഥാനത്തിന് പുറത്ത് കോൺഫറൻസ്/പരിശീലനം/സെമിനാർ എന്നിവയിൽ പങ്കെടുക്കുന്നതിനും നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. തസ്തിക സൃഷ്ടിക്കൽ, വാഹനം വാങ്ങൽ എന്നിവ ഇനിയൊരുത്തരവുണ്ടാകുന്നതുവരെ നിരോധിച്ചിട്ടുണ്ട്. കൂടാതെ പബ്ലിക് സെക്ടർ കോർപ്പറേഷനുകൾ അനുവദിക്കാതിരിക്കുക, പുതുതായി തസ്തികകൾ പ്രഖ്യാപിക്കാതിരിക്കുക, ഗവൺമെന്റ് ചെലവിൽ ഗ്രീറ്റിംഗ് കാർഡുകൾ അച്ചടിക്കുകയോ വാങ്ങുകയോ ചെയ്യാതിരിക്കുക എന്നീ തീരുമാനങ്ങളും എടുത്തിട്ടുണ്ട്. ഓരോ വകുപ്പുകൾക്കും നിശ്ചയിച്ചിട്ടുള്ള റവന്യൂ കള

LIBRARY ARCHIVES Kerala Legislative Assembly